കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - കാസർകോട് ജില്ലയിലെ പുത്തിഗെ ഗ്രാമ പഞ്ചായത്തിന്റെ 1999-2000 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 45- ന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശ സ്വയം ഭരണ (എ.ബി) വകുപ്പ്

സ.ഉ(സാ.ധാ).നം.3836/2015/ത.സ്വ.ഭ.വ തിരുവനന്തപുരം,തിയതി, 22.12.2015

പരാമർശം : 1. പുത്തിഗെ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 09.04.2015 – തിയതിയിലെ എ 1-1981/14(1) നമ്പർ കത്ത്

2. പഞ്ചായത്ത് ഡയറക്ടറുടെ 20.07.2015 – തിയതിയിലെ എം3/22753/15 നമ്പർ കത്ത്

3. സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 23.09.2015 – തിയതിയിലെ എൽ.എഫ്.10353/പി.റ്റി3/15 നമ്പർ കത്ത്

## ഉത്തരവ്

ജെ.ആർ.വൈ.സ്കീം പ്രകാരമുള്ള പ്രവൃത്തികളുടെ ബില്ലിൽ നിന്നും 5.6% വിൽപ്പനനികുതി ഈടാക്കുന്നതിന് പകരം കുറഞ്ഞ നിരക്കിൽ നികുതി കണക്കാക്കിയതിലൂടെ സർക്കാരിന് നഷ്ടമായ 19980 രൂപാ (പത്തൊൻപതിനായിരത്തി തൊള്ളായിരത്തിയെൺപത് രൂപാ മാത്രം) സർക്കാർ ഫണ്ടിലേക്ക് തിരിച്ചടക്കണമെന്ന് കാസർകോട് ജില്ലയിലെ പുത്തിഗെ ഗ്രാമ പഞ്ചായത്തിന്റെ 1999-2000 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 45 പ്രകാരം ഓഡിറ്റ് വകുപ്പ് നിർദേശിച്ചിരുന്നു. എന്നാൽ ജെ.ആർ.വൈ.സ്കീം നിലവിലില്ലാത്തതിനാലും പഞ്ചായത്തിന്റെ തനത് വരുമാനം കുറവായതിനാലും റിപ്പോർട്ട് വന്ന് 15 വർഷം കഴിഞ്ഞിരിക്കുന്നതുമായ സാഹചര്യത്തിൽ ഇക്കാര്യത്തിൽ സർക്കാർ സാധൂകരണം തേടുന്നതിനായി പഞ്ചായത്ത് ഭരണ സമിതി തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ജില്ലാ തല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റിയും ഇതേ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. പഞ്ചായത്ത് ഡയറക്ടറും ഇക്കാര്യത്തിൽ പരാമർശം രണ്ട് കത്ത് പ്രകാരം ശുപാർശ നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ സർക്കാരിന് യുക്തമായ തീരുമാനം കൈക്കൊള്ളാവുന്നതാണെന്ന് സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ പരാമർശം മൂന്ന് കത്ത് പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്.

ഈ സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം പുത്തിഗെ ഗ്രാമ പഞ്ചായത്ത് ഭരണ സമിതി തീരുമാനം, ജില്ലാ തല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം, പഞ്ചായത്ത്

...............2

ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ എന്നിവരുടെ കത്തുകളിലെ വിവരങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. കൂടിയ വിൽപ്പനനികുതി ഈടാക്കുന്നതിന് പകരം കുറഞ്ഞ നിരക്കിൽ നികുതി കണക്കാക്കിയതിലൂടെ സർക്കാരിന് പണം നഷ്ടമായെന്നതാണ് ഓഡിറ്റ് പരാമർശമെന്നതിനാൽ നഷ്ടമായ തുക കാരണക്കാരായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്. പ്രസ്തുത തുക കാരണക്കാരായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുവാൻ കഴിയുന്നില്ല എന്ന് പഞ്ചായത്തിന് ബോധ്യമാണെങ്കിൽ ഈ തുക പുത്തിഗെ ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും സർക്കാരിലേക്ക് അടക്കേണ്ടതാണെന്ന് നിർദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
കെ.ആർ.പഴനിയമ്മ
ഡെപ്യൂട്ടി സെക്രട്ടറി

സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർകോട്
സെക്രട്ടറി, പുത്തിഗൈ ഗ്രാമ പഞ്ചായത്ത്, കാസർകോട്
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ